"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - രജിസ്ട്രേഷൻ - ജീവനക്കാര്യം - പത്തനംതിട്ട അമാൽഗമേറ്റഡ് സബ് രജിസ്ട്രാർ ഓഫീസിലെ ഹെഡ് ക്ലർക്ക് ആയിരിക്കെ അന്തരിച്ച പി.റ്റി.സുബാഷ്-ന്റെ മകൾ കുമാരി സ്വാതി സുബാഷ്-ന് ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം നൽകുന്നത്- അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ഇ) വകുപ്പ്**

**സ.ഉ.(കൈ) നം.55/2025/TAXES തീയതി,തിരുവനന്തപുരം, 13-06-2025**

---

പരാമർശം:-

1. കുമാരി സ്വാതി സുബാഷ് 17/10/2024- ൽ ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ.
2. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 27/12/2024-ലെ IGR/6317/2024-E5 നമ്പർ കത്ത്.
3. കുമാരി സ്വാതി സുബാഷിന്റെ 29/01/2025-ലെ കത്ത്.
4. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 06/02/2025- തീയതിയിലെ IGR/6317/2024-E5 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട അമാൽഗമേറ്റഡ് സബ് രജിസ്ട്രാർ ഓഫീസിൽ ഹെഡ് ക്ലർക്ക് ആയിരിക്കെ അന്തരിച്ച പി.റ്റി.സുബാഷിന്റെ മകൾ കുമാരി സ്വാതി സുബാഷ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിന് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

**2)** പത്തനംതിട്ട അമാൽഗമേറ്റഡ് സബ് രജിസ്ട്രാർ ഓഫീസിലെ ഹെഡ് ക്ലർക്ക് ആയിരിക്കെ പി.റ്റി.സുബാഷ് അന്തരിച്ചത് 02/09/2007-ലാണ്. ടിയാന്റെ മകളായ കുമാരി സ്വാതി സുബാഷ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളത് 17.10.2024-ൽ ആണ്. അപേക്ഷകയുടെ ജനനത്തീയതി 27/12/1999 ആണ്. ഉദ്യോഗസ്ഥൻ അന്തരിക്കുന്ന സമയത്ത് ആശ്രിത മൈനർ ആണെങ്കിൽ മേജർ ആയി മൂന്നു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ചിരിക്കണമെന്നാണ് 24/05/1999-ലെ സ.ഉ.(പി)നം.12/99/ഉ.ഭ.പ.വ. ഖണ്ഡിക 19-ൽ നിഷ്കർഷിച്ചിട്ടുള്ളത്. അതുപ്രകാരമുള്ള സമയപരിധി 26/12/2020-ൽ അവസാനിച്ചിട്ടുള്ളതാണ്. ടി സമയപരിധി കഴിഞ്ഞ് 3 വർഷവും 9 മാസവും 21 ദിവസവും താമസം വരുത്തിയാണ് ടിയാൾ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്.

**3)** താൻ 2017 മുതൽ 2021 വരെ ബി.ടെക്.നും 2021 മുതൽ 2023 വരെ

വിദേശത്ത് ഉന്നതവിദ്യാഭ്യാസം നേടുന്നതിനും പോയിരിക്കുകയായിരുന്നുവെന്നും, 2023 ഡിസംബറിൽ മാതാവിന് ഒരു മേജർ സർജറി നടത്തുകയുണ്ടായിയെന്നും, അതിനാൽ അപേക്ഷ സമർപ്പിക്കുന്നതിനു ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുന്നതിനായി അമ്മയുടെ അസുഖം മാറുന്നതുവരെ കാത്തിരിക്കേണ്ടി വന്നുവെന്നുമാണ് അപേക്ഷ സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തിയതിനു ടിയാൾ പരാമർശം (3) പ്രകാരം വിശദീകരണം സമർപ്പിച്ചിരിക്കുന്നത്.

**4)** 24.05.1999-ലെ GO(P)No.12/1999/P&ARD, 18.05.2004-ലെ 6678/ഉപ.സി2/2004/പി&എ.ആർ.ഡി. നമ്പർ സർക്കുലർ, 07/04/2022-ലെ ഉപ.സി2/88/2022/പി&എ.ആർ.ഡി നമ്പർ സർക്കുലർ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, അപേക്ഷ സമർപ്പിക്കുവാൻ കാലതാമസം നേരിട്ടതിനുള്ള കാരണം സംബന്ധിച്ച് കുമാരി സ്വാതി സുബാഷ് പരാമർശം (3) പ്രകാരം സമർപ്പിച്ച വിശദീകരണം സർക്കാർ അംഗീകരിക്കുകയുമുണ്ടായി.

**5)** മേൽ സാഹചര്യത്തിൽ, നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയായ 26.12.2020-നുമുമ്പ് ആർജ്ജിച്ച യോഗ്യതയ്ക്കനുസരിച്ച തസ്തികയിൽ നിയമനത്തിനായി കുമാരി സ്വാതി സുബാഷിനെ പരിഗണിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ 3 വർഷം 9 മാസം 21 ദിവസത്തെ കാലതാമസം മാപ്പാക്കി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

1) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം.
2) കുമാരി സ്വാതി സുബാഷ്, ശ്രാവണം, അഴൂർ, പത്തനംതിട്ട പി.ഒ., പത്തനംതിട്ട (രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുഖേന).
3) ജില്ലാ കളക്ടർ, പത്തനംതിട്ട.
4) പൊതുഭരണ(എസ്.സി.) വകുപ്പ് (ഇനം നം. 3026 തീയതി 11.06.2025 പ്രകാരം)
5) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
6) വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (E2/196/2024/TAXES)

ഉത്തരവിൻ പ്രകാരം
Signed by
Praneesh M P
Date: 16-06-2025 10:55:17
സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

2. ബഹു.രജിസ്ട്രേഷൻ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 11-06-2025

ഫയൽ നം. ഇ2/196/2024/നി.വ. ഇനം നം: 3026

വിഷയം : നികുതി വകുപ്പ് - രജിസ്ട്രേഷൻ - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കുമാരി. സ്വാതി സുബാഷ് സമർപ്പിച്ച അപേക്ഷ - കാലതാമസം മാപ്പാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.

SO(E)
12/6
JS

3026

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നം. | ഇ 2/196/2024/നി.വ |
| 2 | വകുപ്പ് | നികുതി (ഇ) വകുപ്പ് |
| 3 | വിഷയം | നികുതി വകുപ്പ് - രജിസ്ട്രേഷൻ - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കുമാരി സ്വാതി സുബാഷ് സമർപ്പിച്ച അപേക്ഷ - കാലതാമസം മാപ്പാക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 12/05/2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? (ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്, പി & എ.ആർ.ഡി. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ.പ്രമോദ് എം വി |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.കെ ആർ ജ്യോതിലാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 19/05/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 24/05/2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 30/05/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 02/06/2025 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പത്തനംതിട്ട അമാൽഗമേറ്റഡ് സബ് രജിസ്ട്രാർ ഓഫീസിൽ ഹെഡ് ക്ലർക്ക് ആയിരിക്കെ അന്തരിച്ച പി റ്റി സുബാഷിന്റെ മകൾ കുമാരി സ്വാതി സുബാഷ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചതിലുണ്ടായ കാലതാമസം മാപ്പാക്കി നൽകുന്ന വിഷയമാണ് ഈ കുറിപ്പിന് ആധാരം.

2. പത്തനംതിട്ട അമാൽഗമേറ്റഡ് സബ് രജിസ്ട്രാർ ഓഫീസിലെ ഹെഡ് ക്ലർക്ക് ആയിരിക്കെ പി റ്റി സുബാഷ് അന്തരിച്ചത് 02/09/2007 ലാണ്. ടിയാളുടെ മകളായ കുമാരി സ്വാതി സുബാഷ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളത് 17.10.2024-ൽ ആണ്. അപേക്ഷകയുടെ ജനനത്തീയതി 27/12/1999 ആണ്. ആശ്രിത മൈനർ ആണെങ്കിൽ മേജർ ആയി മൂന്നു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ചിരിക്കണമെന്നാണ് 24/05/1999 ലെ സ.ഉ(പി)നം.12/99/ഉ.ഭ.പ.വ ലെ 19- ാം ഖണ്ഡികയിൽ നിഷ്കർഷിച്ചിട്ടുള്ളത്. ആയതുപ്രകാരമുള്ള സമയപരിധി 26/12/2020 - ൽ അവസാനിച്ചിട്ടുള്ളതാണ്. ടി സമയപരിധി കഴിഞ്ഞ് 3 വർഷവും 9 മാസവും 21 ദിവസവും താമസം വരുത്തിയാണ് ടിയാൾ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്.

3. താൻ 2017 മുതൽ 2021 വരെ ബി.ടെക്കിനും 2021 മുതൽ 2023 വരെ വിദേശത്ത് ഉന്നതവിദ്യാഭ്യാസം നേടുന്നതിനും പഠിക്കുകയായിരുന്നുവെന്നും 2023 ഡിസംബറിൽ മാതാവിന് ഒരു മേജർ സർജറി നടത്തുകയുണ്ടായിയെന്നും ആയതിനാൽ അപേക്ഷ സമർപ്പിക്കുന്നതിനു ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുന്നതിനായി അമ്മയുടെ അസുഖം മാറുന്നത് വരെ കാത്തിരിക്കേണ്ടി

വന്നുവെന്നുമാണ് അപേക്ഷ സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തിയതിനു ടിയാൾ വിശദീകരിച്ചിരിക്കുന്നത്.

4. അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായം തേടിയ വേളയിൽ, ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടിട്ടുള്ളതാണ്:-

"24.05.1999 -ലെ GO(P)No.12/1999/P&ARD ഉത്തരവിലെ ഖണ്ഡിക 19-പ്രകാരം ജീവനക്കാരൻ മരണപ്പെട്ട് 2 വർഷത്തിനുള്ളിലും, അപേക്ഷകൻ മൈനർ ആണെങ്കിൽ 18 വയസ് പൂർത്തിയായി 3 വർഷത്തിനുള്ളിലുമാണ് ആശ്രിത നിയമനത്തിനായി അപേക്ഷിക്കേണ്ടത്. ഈ കേസിൽ ഏകദേശം 3 വർഷത്തിൽ കൂടുതൽ കാലതാമസം ഉണ്ടായിട്ടുണ്ട്. 18.05.2004-ലെ 6678/ഉപ.സി2/2004/പി&എ.ആർ.ഡി.സർക്കുലർ പ്രകാരം അർഹമായ കേസുകളിൽ അപേക്ഷ സമർപ്പിക്കുന്നതിൽ രണ്ടുവർഷം വരെയുള്ള കാലതാമസം ചീഫ് സെക്രട്ടറി മുഖേന മുഖ്യമന്ത്രിയുടെ ഉത്തരവോട്ടുകൂടിയും, 07/04/2022-ലെ ഉപ.സി2/88/2022/പി&എ.ആർ.ഡി എന്ന സർക്കുലർ പ്രകാരം രണ്ടു വർഷത്തിലധികമുള്ള കാലതാമസം തക്കതായ കാരണങ്ങളുള്ള പക്ഷം, മന്ത്രിസഭയുടെ അനുമതിയോട്ടുകൂടിയും മാപ്പാക്കി നൽകാവുന്നതാണ് എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."

5. മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയായ 26.12.2020-ന് മുമ്പ് ആർജ്ജിച്ച യോഗ്യതയ്ക്കനുസരിച്ച തസ്തികയിൽ നിയമിക്കുന്നതിനായി കുമാരി സ്വാതി സുബാഷിനെ പരിഗണിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ 3 വർഷം, 9 മാസം, 21 ദിവസത്തെ കാലതാമസം മാപ്പാക്കി നൽകുന്ന കാര്യം

മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്ന കാര്യത്തിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തിരുന്നു.

6. ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## <u>തീരുമാനിക്കേണ്ട വിഷയം</u>

മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയായ 26.12.2020-ന് മുൻപ് ആർജ്ജിച്ച യോഗ്യതയ്ക്കനുസരിച്ച തസ്തികയിൽ നിയമനത്തിനായി കുമാരി സ്വാതി സുബാഷിനെ പരിഗണിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ 3 വർഷം, 9 മാസം, 21 ദിവസത്തെ കാലതാമസം മാപ്പാക്കി നൽകാമോ?